# **കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ ഹോസ്റ്റലുകളിൽ മെസ് നടത്തുന്നതിനുള്ളവ്യവസ്ഥകൾ**

1. കരാർ കാലാവധി കരാർ തീയതി മുതൽ ഒരു വർഷമായിരിക്കും .

2. കോർപ്പറേഷൻ/ സർക്കാർ അനുശാസിക്കുന്ന ലൈസൻസുകളും ഭക്ഷ്യസുരക്ഷ കമ്മീഷണരുടെ അനുമതിയും മറ്റും രണ്ടാം കക്ഷി എടുത്തിരിക്കേണ്ടതാണ് .

3. ഭക്ഷ്യസുരക്ഷ, ഗുണനിലവാര റെഗുലേഷൻ 2011 പ്രകാരമുള്ള മിനിമം നിബന്ധനകൾ പാലിച്ചിരിക്കേണ്ടതാണ്

4. ഭക്ഷണം തയ്യാറാക്കുന്നതിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നവരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് .

5. പ്ലാസ്റ്റിക് കപ്പുകളും, പാത്രങ്ങളും, പ്ലാസ്റ്റിക് ബാഗുകളും ഉപയോഗിക്കുവാൻ പാടുള്ളതല്ല. പകരം സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കേണ്ടതാണ്.

6. മിൽമ പാൽ , നിലവാരമുള്ള കമ്പനി നിർമ്മിതങ്ങളായ തേയിലപ്പൊടി, കാപ്പിപ്പൊടി മുതലായ ഭക്ഷ്യസാധനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.

7. പാചകത്തിന് സൺഫ്ലവർ എണ്ണ / വെളിച്ചെണ്ണ എന്നിവ മാത്രമേ ഉപയോഗിക്കാവൂ പഴകിയ പാചക എണ്ണ വീണ്ടും ഉപയോഗിക്കാൻ പാടില്ല. പൊരിക്കാൻ ഉപയോഗിക്കുന്ന എണ്ണ, കൊഴുപ്പ് എന്നിവയുടെ സ്വാഭാവിക നിറം മാറിയാൽ ഉടൻ തന്നെ ഉപേക്ഷിക്കണം.

8. കുടിക്കുവാൻ വെള്ളം തിളപ്പിച്ച് തന്നെ നൽകേണ്ടതാണ് .

9. ചായ കാപ്പി ഭക്ഷണ പദാർത്ഥങ്ങൾ തുടങ്ങിയവ വൃത്തിയായ പാത്രങ്ങളിൽ വിതരണം ചെയ്യേണ്ടതാണ് .

10. അടുക്കള, ആഹാരം വിളമ്പുന്ന സ്ഥലം, പരിസരം എന്നിവ വൃത്തിയും വെടിപ്പുമായി സൂക്ഷിക്കണം.

11. വിറകോ പാചകവാതകമോ ഉപയോഗിച്ചുവേണം ആഹാരം പാകം ചെയ്യേണ്ടത്.

12. കറന്റ് ഉപയോഗിച്ച് പാചകം ചെയ്യാൻ പാടുള്ളതല്ല.

13. മെസ്സിൽ പരാതി ബുക്ക് / പെട്ടി എല്ലാപേർക്കും ലഭ്യമാകത്തക്ക വിധം പ്രദർശിപ്പിക്കേണ്ടതാണ്.

14. മെസ്സിൽ നിലവിൽ ഉള്ള പാചക പാത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്. അധികം ആവശ്യം വരുന്നവ രണ്ടാം കക്ഷി തന്നെ കൊണ്ടുവരേണ്ടതാണ്.

15. മെസ്സിൽ നിന്നുള്ള മാലിന്യങ്ങളും മറ്റു അവശിഷ്ടങ്ങളും രണ്ടാം കക്ഷി സ്വന്തം ചിലവിൽ നിർമാർജ്ജനം ചെയ്യേണ്ടതാണ്.

16. Rs 10,000 /- രൂപയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നിശ്ചയിച്ചിരിക്കുന്നത്.

17. കരാർ അവസാനിക്കുന്ന മുറയ്ക്ക് ബാധ്യതകൾ കണക്കാക്കി നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

18. നിലവിൽ ഹോസ്റ്റലുകളിലുള്ള പാചകവാതക കണക്ഷനുകൾ രണ്ടാം കക്ഷിക്ക് സ്വന്തം ചിലവിൽ ഉപയോഗിക്കാവുന്നതാണ്.

19. ഒരു കുട്ടിക്ക് പ്രതിദിനം നൽകേണ്ട ഭക്ഷണത്തിന്റെ ഏറ്റവും കുറഞ്ഞതുക ക്വോട്ട്ചെയ്യേണ്ടതാണ്.

20. നൽകേണ്ട ഭക്ഷണ വിവരങ്ങൾ (മെസ്സ് മെനു ) ലഭിക്കുവാൻ രണ്ടാം കക്ഷി ഹോസ്റ്റൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് .

21. സർവകലാശാലയുടെ നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം രണ്ടാം കക്ഷിക്കെതിരെ നിരതദ്രവ്യം പിടിച്ചെടുക്കൽ കരാർ റദ്ദാക്കൽ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുവാൻ ഒന്നാം കക്ഷിക്ക് അധികാരമുണ്ടായിരിക്കുന്നതാണ് .

22. പ്രത്യേക കാരണം കൂടാതെ വിജ്ഞാപനം റദ്ദുചെയ്യുവാനും, ക്വട്ടേഷനുകൾ നിരസിക്കുവാനുമുള്ള അധികാരം ഒന്നാം കക്ഷിയിൽ നിക്ഷിപ്തമായിരിക്കും.